പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2090 — 26.03.2013 -ൽ മറുപടിക്ക്

ജൻറം ബസുകളുടെ അറ്റകുറ്റപ്പണികൾ

ചോദ്യം — ഉത്തരം

ശ്രീ. മോൻസ് ജോസഫ് — ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | ജൻറം പദ്ധതി അനുസരിച്ച് കെ.എസ്.ആർ.ടി.സി യ്ക്ക് എത്ര ബസ്സുകളാണ് നഗരസഭകൾ നൽകിയത്; | (എ) | ജൻറം പദ്ധതി അനുസരിച്ച് കെ. എസ്.ആർ.ടി.സി.ക്ക് 320(80 എ.സി+240 നോൺ എ.സി) ബസ്സുകളാണ് ലഭ്യമായിട്ടുള്ളത്. ഇവ നഗരസഭയല്ല നൽകിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത ബസ്സുകളുടെ അറ്റകുറ്റപ്പണികൾ ആരാണ് വഹിക്കുന്നത്; എത്ര ബസ്സുകൾ ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്നു; | (ബി) | പ്രസ്തുത ബസ്സുകളുടെ അറ്റകുറ്റപ്പണികൾ കെ.എസ്.ആർ.ടി.സിയാണ് വഹിക്കുന്നത്. ക്രമാനുസൃതമായ നിർബന്ധിത പരിപാലനത്തിനും മറ്റ് ചില അറ്റകുറ്റപണികൾ തീർക്കുന്നതിനും മാത്രമാണ് ബസ്സുകൾ ഡോക്ക് ചെയ്തിട്ടുള്ളത്. അപകടം മൂലം ചില ബസ്സുകൾ ഡോക്ക് ചെയ്തിട്ടുണ്ട്. എ.സി. യുടെ സാങ്കേതിക തകരാറുമൂലം ചില ബസ്സുകൾ സർവ്വീസ് നടത്താൻ കഴിയാതെ കിടപ്പുണ്ട്. ഈ രീതിയിലല്ലാതെ പ്രവർത്തന രഹിതമായി ബസ്സുകൾ കിടക്കുന്നില്ല. |
| (സി) | പ്രവർത്തന രഹിതമായ ബസ്സുകൾ സർവീസ് നടത്തുന്നതിന് കെ. എസ്.ആർ.ടി.സി. നടപടി സ്വീകരിക്കുമോ; | (സി) | അറ്റകുറ്റപ്പണികൾ ആവശ്യമായി വരുന്ന ബസ്സുകൾ അപ്പപ്പോൾ തന്നെ ശരിയാക്കി സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കുന്നുണ്ട്. |
| (ഡി) | ജൻറം ബസ്സുകളുടെ സ്പെയർ പാർട്സും അറ്റകുറ്റപ്പണികൾക്കുള്ള സാങ്കേതിക വിദ്യയും കെ. എസ്.ആർ.ടി.സി. യ്ക്ക് ലഭിക്കുന്നുണ്ടോ; പുതിയ സാങ്കേതിക വിദ്യയ്ക്ക് അനുസരിച്ച് കെ.എസ്. ആർ.ടി.സി. ജീവനക്കാരെ പരിശീലിപ്പിക്കുന്നുണ്ടോ; ഇല്ലെങ്കിൽ പരിശീലനത്തിന് നടപടി സ്വീകരിക്കുമോ? | (ഡി) | ജൻറം ബസ്സുകളുടെ സ്പെയർ പാർട്സും അറ്റകുറ്റപണികൾക്കുള്ള സാങ്കേതിക വിദ്യയും കെ.എസ്.ആർ.ടി. സി.യ്ക്ക് ലഭിക്കുന്നുണ്ട്. പുതിയ സാങ്കേതിക വിദ്യയനുസരിച്ച് കെ.എസ്. ആർ.ടി.സി., ബസ്സ് നിർമ്മാതാക്കളായ VOLVO-യുടെ വിദഗ്ധരെ കൊണ്ട് കോർപ്പറേഷനിലെ ഡ്രൈവർ, മെക്കാനിക്ക് തുടങ്ങിയ ജീവനക്കാരെ പരിശീലിപ്പിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ